"ഭരണഭാഷ-മാതൃഭാഷ"

No. DWCD/3556/2022-E9

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 17-10-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**പുനർ വിജ്ഞാപനം**

വിഷയം:- വനിത ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിലെ ഡെപ്യൂട്ടേഷൻ നിയമനം അപേക്ഷ ക്ഷണിക്കുന്നത്-സംബന്ധിച്ച്
നിയമനം അപേക്ഷ ക്ഷണിക്കുന്നത്-

സൂചന:-
1. സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ 14/03/2019-ലെ – എ1/21/2019/സാ.നീ.വ നമ്പർ കത്ത്.
2. 11.09.2025 ലെ ഇതേ നം വിജ്ഞാപനം.

വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ എറണാകുളം ജില്ലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പ്പര്യമുള്ള വനിത ശിശുവികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ/ ശിശുവികസന പദ്ധതി ഓഫീസർമാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് കൊണ്ട് സൂചന (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപേക്ഷകളൊന്നും ലഭിച്ചില്ല.

പ്രസ്തുത സാഹചര്യത്തിൽ എറണാകുളം ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള മേൽ പറഞ്ഞ തസ്തികയിലുള്ള ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ കൺട്രോളിംഗ് ഓഫീസർ മുഖാന്തിരം ഈ വിജ്ഞാപന തീയതി മുതൽ ഏഴ് പ്രവർത്തി ദിവസത്തിനകം (ഇ-മെയിൽ-wcdestablishment2017@gmail.com) വനിതാ ശിശുവികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത മാതൃകയിൽ അല്ലാത്തതും സമയ പരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വനിത ശിശുവികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും
<u>പകർപ്പ്</u>:-

1.സൂപ്രണ്ട്, ഐറ്റിസെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

2.സ്റ്റോക്ക് ഫയൽ / സ്പെയർ